പുസ്തകപരിചയം

# ഭൂമിയ്ക്ക് പനി

ആഗോള- ദേശീയ- പ്രാദേശിക തലങ്ങളിൽ ഗുരുതരമായ പല പരിസ്ഥിതി പ്രശ്നങ്ങളെയും നാം നേരിടുന്നുണ്ട്. ഈ പ്രശ്നങ്ങളെപ്പറ്റി ലളിതമായി വിശദീകരിക്കുന്ന ഗ്രന്ഥങ്ങൾ മലയാളഭാഷയിൽ വളരെ വിരളമാണ്. ഈ കുറവ് നികത്തുവാൻ പോന്നതാണ് ഭൂമിക്കു പനി എന്ന പരിസ്ഥിതി പഠനഗ്രന്ഥം. പ്രധാനപ്പെട്ട കാലികപ്രശ്നങ്ങൾ എല്ലാം തന്നെ ഈ പുസ്തകത്തിൽ കൈകാര്യം ചെയ്യുന്നുണ്ട്.

മൂന്നു ഭാഗങ്ങളിലായി 15 അധ്യായങ്ങളുണ്ട്. ആദ്യഭാഗത്തിൽ പ്രകൃതിയുടെ പ്രവർത്തനശൈലിയിലേക്ക് ഒരു ആമുഖവും തുടർന്നു കരയിലെയും കടലിലെയും ജൈവവൈവിധ്യങ്ങളെപ്പറ്റി വിശദമായ പ്രതിപാദനം. അതിനുശേഷം വംശനാശം, ആഗോളതാപനം, ഓസോൺ ശോഷണം, വനനാശം എന്നീ നാലു പ്രശ്നങ്ങൾ സമഗ്രമായി തന്നെ വിവരിച്ചിരിക്കുന്നു. രണ്ടാം ഭാഗത്തിൽ മലിനീകരണത്തിന്റെ വിവിധ മുഖങ്ങൾ, കാരണങ്ങൾ, അനുഭവങ്ങൾ, പരിഹാരമാർഗങ്ങൾ എന്നീ ക്രമത്തിൽ സവിസ്തരം പ്രതിപാദിക്കുന്നുണ്ട്. ഈ പ്രശ്നങ്ങളിലേക്കു നയിച്ച ജനസംഖ്യാപരവും സാമൂഹ്യ-സാമ്പത്തിക ഘടകങ്ങളും അവയുടെ പരസ്പര ബന്ധങ്ങളുമാണ് മൂന്നാംഭാഗത്തിൽ.

പരിസ്ഥിതി പ്രശ്നങ്ങളെപ്പറ്റി സമഗ്രമായി അറിവ് നല്കുന്ന ഈ പുസ്തകത്തിലെ പ്രതിപാദന രീതി ലളിതവും സരളവും ആകർഷണീയവുമാണ്. സാമാന്യ ജനങ്ങളെയും വിദ്യാർഥികളെയും പരിസ്ഥിതി പ്രശ്നങ്ങളെപ്പറ്റി ബോധവത്കരിക്കുന്നതിന് ഗണ്യമായ പങ്ക് വഹിക്കാൻ സഹായിക്കുന്ന ഈ പുസ്തകം മലയാളഭാഷയ്ക്ക് ഒരു മുതൽക്കൂട്ടാണ്.

**ഡോ. സണ്ണി ജോർജ്**

**ഭൂമിക്ക് പനി**
പി.എസ്.ഗോപിനാഥൻ നായർ
വിതരണം: കറന്റ് ബുക്സ്
പേജ് 256 വില 95 രൂപ